ഭരണഭാഷ-മാതൃഭാഷ

നമ്പർ : DTETVM/4289/2024-ED2 (ED) **സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

തിരുവനന്തപുരം

തീയതി : 10-11-2026

പരിപത്രം

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - പാർട്ട്ടൈം കണ്ടിജന്റ് തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാർക്ക് ഫുൾ ടൈം തസ്തികകളിലേക്ക് സ്ഥാനക്കയറ്റം - താൽപ്പര്യപത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഈ കാര്യാലയത്തിൽ നിന്നുള്ള **30.09.2026** തീയതിയിലെ **DTETVM/496/2026-EG4 (EG)** നമ്പർ സീനിയോറിറ്റി പട്ടിക.
2) 30.11.2023 തീയതിയിലെ ജി.ഒ(പി) നം.17/2023/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.

ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിറ്ററി വർക്കർ തസ്തികയിൽ നിലവിൽ വന്നിട്ടുള്ള ചുവടെ പറയുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം മുഖേന നിയമനം നേടാൻ താല്പര്യമുള്ള മേൽ സൂചന (1) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരും, പ്രസ്തുത തസ്തികയിൽ തസ്തികമാറ്റ നിയമനത്തിന് താൽപ്പര്യമുള്ളവരുമായ ജീവനക്കാർ **16.11.2026 വൈകിട്ട് 5 മണിക്ക്** മുൻപായി താഴെപ്പറയുന്ന മാതൃകയിൽ സമ്മതപത്രം, **edsectiondte@**gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ, സ്ഥാപന മേധാവി മുഖേന ലഭ്യമാക്കേണ്ടതാണ്. ഈ സർക്കുലർ പ്രകാരം നിശ്ചിത സമയ പരിധിക്കുള്ളിൽ സമ്മതപത്രം നൽകാത്ത ജീവനക്കാരെ പ്രസ്തുത ഫുൾ ടൈം സ്വീപ്പർ/ഫുൾ ടൈം സാനിറ്ററി വർക്കർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം വഴിയുള്ള നിയമനങ്ങൾക്ക് പരിഗണിക്കുന്നതല്ല. ആയതിനാൽ സ്ഥാപന മേധാവികൾ പ്രസ്തുത സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെ ടുത്തേണ്ടതാണ്.

ക്രമ .നം.	സ്ഥാപനം	ഒഴിവുകളുടെ എണ്ണം
1	സർക്കാർ പോളിടെക്നിക് കോളേജ്, പുനലൂർ	02
2	സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം	01
3	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കോഴിക്കോട്	01
4	സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ	02
5	സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, ശ്രീകൃഷ്ണപുരം	01
6	സർക്കാർ പോളിടെക്നിക് കോളേജ്, വെച്ചൂച്ചിറ	01
7	കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം	02
8	എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ, തിരുവനന്തപുരം	05

പ്രോഫോർമ

ക്രമ നമ്പർ	ജീവനക്കാരുടെ പേരും, പെൻ നമ്പർ,നിലവിൽ ജോലി ചെയ്യുന്ന തസ്തികയും	സീനിയോറിറ്റി ലിസ്റ്റിലെ ക്രമ നമ്പർ	വകുപ്പിന് കീഴിൽ ഫുൾ ടൈം തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം നേടുന്നതിന് സമ്മതമാണോ

നിബന്ധനകൾ

1. ഫുൾ ടൈം സ്ഥാനക്കയറ്റ നിയമനം സംസ്ഥാന തലത്തിലായതിനാൽ വകുപ്പിന് കീഴിൽ, സംസ്ഥാനത്തിനുള്ളിൽ ഏത് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവർ ആയിരിക്കണം. ഒരു പ്രത്യേക ജില്ലയോ, പ്രത്യേക സ്ഥാപനമോ സ്ഥാനക്കയറ്റ നിയമനത്തിനായി തിരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതല്ല.

2. ഫുൾ ടൈം തസ്തിക നിയമനത്തിന് താല്പര്യമുള്ള ജീവനക്കാരുടെ സമ്മതപത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

3. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

5. സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം സ്ഥാനക്കയറ്റ നിയമന ഉത്തരവ് തീയതിക്ക് ശേഷം പ്രസ്തുത നിയമനം പരിത്യജിക്കുവാനുള്ള അവകാശം ടി ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യം സ്ഥാപന മേധാവി ജീവനക്കാരെ ബോധ്യപ്പെടുത്തേണ്ടതാണ്.

Digitally signed by
SUMESH KUMAR C
Date: 10-11-2026
15:05:58

SUMESH KUMAR.C
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1) ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും, ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം.

2) ഇ - ഓഫീസ് കരുതൽ ഫയൽ